ഒരു മാസം നീണ്ടുനിൽക്കുന്ന crash കോഴ്സും ടി സ്ഥാപനങ്ങളിൽ വച്ച് സർക്കാരിന്റെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഹാംലെറ്റ് പദ്ധതി

256 (3411) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക്കുവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെയാണ് ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം പ്രവൃത്തികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെയും ഇനം തിരിച്ചുള്ള വിശദാംശവും ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം കോട്ടത്തറ പഞ്ചായത്തിലെ കല്ലൊട്ടംകുന്ന്, കരിങ്കുറ്റി കുറിച്യ, പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്ററും 2015-16 സാമ്പത്തിക വർഷം കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ കാവടം, ആവറയൽ പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്റർ എന്നി കോളനികളെയുമാണ് കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) റോഡ് നിർമ്മാണം, കുളിക് നിർമ്മാണം, വീട് പുനരുദ്ധാരണം, റോഡ് സൈഡ് കെട്ടി മണ്ണിട്ട് ഇന്റർലോക്ക് ചെയ്യൽ എന്നിവ 2014-15 -ൽ ആരംഭിച്ചിട്ടുണ്ട്. 2015-16 -ൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി

257 (3413) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. പന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക്കുവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെട്ടിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് ടി പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. ഇതിനു പുറമേ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യനീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്.

(സി) സ്നേഹസ്പർശം പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും മറ്റ് പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുമാണ് നടപ്പിലാക്കുന്നത്.

(ഡി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസത്തിന്റെ ഭാഗമായി 700 പേർക്ക് ജീവനോപാധികൾ അനുവദിക്കുകയും 2 പേർക്ക് വീട് റിപ്പയറിനും 236 പേർക്ക് ഭവനനിർമ്മാണത്തിനും ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

ആദിവാസി ക്ഷേമസമിതി ഉന്നയിച്ച ആവശ്യങ്ങൾ

258 (3415) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly